**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5388** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പത്ത് വർഷം സർവ്വീസ് പൂർത്തിയായതും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലർക്ക്/ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-ൽ കുറയാത്ത തസ്തികകളിലേക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ 10%-ഉം, ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകളിൽ 5%-ഉം തസ്തികമാറ്റ നിയമനം നൽകിവരുന്നുണ്ട്. |
| (ബി) | ലാസ്റ്റ് ഗ്രേഡ് വിഭാഗത്തെ ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടുന്ന സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ലാസ്റ്റ് ഗ്രേഡ് വിഭാഗം കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ചട്ടങ്ങൾ ഭേദഗതി വരുത്തിയാൽ മാത്രമേ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്താനാവൂ. നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ക്ലറിക്കൽ തസ്തികയിൽ ഉള്ളവർക്ക് വകുപ്പുതല പരീക്ഷ നടത്തി പ്രമോഷൻ നൽകുന്ന അതേ മാതൃകയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും വകുപ്പുതല പരീക്ഷ നടത്തി ക്ലറിക്കൽ തസ്തികയിലേക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലെ ആകെ ഒഴിവുകളിൽ പത്ത് ശതമാനം മാത്രമേ പ്രമോഷൻ നൽകാവൂ എന്ന വ്യവസ്ഥ കാരണം പ്രസ്തുത ജീവനക്കാർ അതേ തസ്തികയിൽ | (ഡി) | പി.എസ്.സി. മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്കുപുറമേ 10%-ൽ കുറയാത്ത വകുപ്പുതല തസ്തികമാറ്റ നിയമനവും നിലവിൽ ലാസ്റ്റ് |

| | | | |
|---|---|---|---|
| | തന്നെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന പത്ത് ശതമാനം പ്രമോഷൻ വർദ്ധിപ്പിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ; | | ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് അനുവദിക്കുന്നുണ്ട്. |
| (ഇ) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിതമായി റേഷ്യോ പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയ ബന്ധിത ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ